(ഡി) കരാർ നിയമനം നടത്തിയത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ; കരാറിന്റെ കാലാവധി എന്നുവരെയാണ് ;

(ഇ) കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരുടെ മാത്രം കണക്കെടുത്താൽ പ്രതിമാസം എത്ര തുക ഇവർക്ക് വേതനം നല്കുന്നതിന് അധികമായി കണ്ടെത്തണം ; ഈ അധിക ചെലവ് നിർമ്മിതി കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ നിലനിൽപ്പിനു വേണ്ടി കരാർ അടിസ്ഥാനത്തിൽ നിയമിതരായവരെ കാലാവധി കഴിഞ്ഞാൽ പിരിച്ചു വിടാൻ ഉദ്ദേശിക്കുന്നുവോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) 112 സ്ഥിരം ജീവനക്കാരുണ്ട്.

(സി) കരാർ വ്യവസ്ഥയിൽ 55 ജീവനക്കാരെ പദ്ധതിയുടെ പൂർത്തീകരണത്തിനായി നിയോഗിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നിർവ്വഹണത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടിയാണ് കരാർ വ്യവസ്ഥയിൽ നിയമിക്കുന്നത്. 6 മാസം മുതൽ 1 വർഷം വരെയാണ് കരാറിന്റെ കാലാവധി, എന്നാൽ ആവശ്യാനുസരണം പദ്ധതിപൂർത്തീകരണം വരെ കാലാവധി നീട്ടികൊടുക്കുന്നതാണ്.

(ഇ) കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരുടെ മാത്രം കണക്കെടുത്താൽ പ്രതിമാസം 2,76,200 (രണ്ടുലക്ഷത്തി എഴുപത്തിയാറായിരത്തി ഇരുനൂറു രൂപ മാത്രം) അധികമായി കണ്ടെത്തണം. ഈ അധിക ചെലവ് നിർമ്മിതി കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നില്ല.

(എഫ്). കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരെ പദ്ധതിയുടെ പൂർത്തീകരണം കഴിയുന്ന മുറയ്ക്ക് പിരിച്ചുവിടാറുണ്ട്.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് സംസ്ഥാന ഗവൺമെന്റ് നിർമ്മാണ ജോലികൾ നൽകാൻ നടപടി

147 (4500) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിലെ ആകെ വരവും ചെലവും എത്ര വീതമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും സ്ഥാപനത്തിന്റെ നടത്തിപ്പ് ചെലവിനുമായി ആകെ എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) നിർമ്മിതി കേന്ദ്രത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും വേണ്ടി ഗവൺമെന്റിന്റെ നിർമ്മാണ ജോലികളിൽ ഒരു നിശ്ചിത ശതമാനം ജോലികൾ ഈ സ്ഥാപനത്തിന് നല്കണമെന്ന നിബന്ധനയോടുകൂടി ഉത്തരവിറക്കാൻ സർക്കാർ അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിലെ ആകെ വരവ്-ചെലവ് കണക്കുകളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു :

വർഷം	വരവ് (ലക്ഷത്തിൽ)	ചെലവ് (ലക്ഷത്തിൽ)
2006-2007	65.94	64.74
2007-2008	190.29	95.86
2008-2009	160.73	132.00
2009-2010	255.22	231.40

(ബി)

വർഷം	ശമ്പളം (ലക്ഷത്തിൽ)	നടത്തിപ്പ് ചെലവ് (ലക്ഷത്തിൽ)
2006-2007	52.91	11.83
2007-2008	72.89	22.97
2008-2009	78.96	33.04
2009-2010	185.00	46.40

(സി) നിലവിൽ ഇത്തരം നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

വായ്പ ഇളവു ചെയ്തു കിട്ടുന്നതിന് നടപടി

148 (4501) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007-ലും 2010 ജനുവരി 1-നും 2010 ജൂൺ 1-നും ഇടയ്ക്ക് ഭവന വായ്പ തിരിച്ചടവിൽ വീഴ്ച വന്നതിനാൽ എത്ര പേരാണ് ഹൗസിംഗ് ബോർഡിനെതിരെ വായ്പ ഇളവു ചെയ്തു കിട്ടുവാൻ കേസ് കൊടുത്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly